ISSUE: 141

www.keralacartoonacademy.com

KCA weekly E-news bulletin ● Dated 24-08-2026

KERALA CARTOON ACADEMY

# കാർട്ടൂൺ പത്രിക

കേരള കാർട്ടൂൺ അക്കാദമിയുടെ പ്രതിവാര വാർത്താ പത്രിക



**KERALA CARTOON ACADEMY**

**Chairman**
Sudheer Nath N B

**V. Chairman**
Anoop Radakrishnan
KVM Unny

**Secretary**
A Satheesh

**Jt. Secretary**
Sajiv Sooranad


**Treasurer**
Sajjive Balakrishnan

**EC Members**
Balachandran K B
Hareesh Mohan
Haridas Balakrishnan
Madoos
Mohana Kumaran Nair
Rethish Ravi
Sunil Pankaj
Surendran Varachal
Suresh Harippad
Vinu S

**Patron**
Aravindakshan P
Divakaran N P
Gafoor K N
Hari G
John Kakkanad
Krishnan P V
Mohanachandran M S
Mohan Shivanand
Peter E P
Raghu K S
Seeri M K
Sivan Paravur
Somanath S Dr
Thomas Jacob
TVG Menon

**KCA Icon**
Anjan Sathish
Suresh Eriyat

# രാജാ രവിവര്‍മ്മയും ആര്‍.കെ. ലക്ഷ്മണനും



**പത്തൊന്‍പതാം** നൂറ്റാണ്ടില്‍ ജീവിച്ച് പ്രവര്‍ത്തിച്ച രാജാ രവിവര്‍മ്മയും ഇരുപതാം നൂറ്റാണ്ടിലെ അതികായനായ ആര്‍.കെ. ലക്ഷ്മണനും ആദ്യമായി ഒരേ പ്രദര്‍ശന വേദി പങ്കിടുകയും, അതുവഴി ഒരു അപൂര്‍വ്വമായ കലാപരമായ സംവാദത്തില്‍ ഏര്‍പ്പെടുകയും ചെയ്തു. 'ഇന്ത്യ ഇന്‍ ഇമേജ്: ടു മാസ്റ്റേഴ്സ്, എ ഷെയേര്‍ഡ് ക്യാന്‍വാസ്' എന്ന ഈ പ്രദര്‍ശനം ബാലേവാഡിയിലെ ആര്‍.കെ. ലക്ഷ്മണ്‍ മ്യൂസിയത്തിലാണ് നടന്നത്. ഭാവങ്ങള്‍, കലാവിരുത്, കഥാപാത്രങ്ങള്‍, ആകര്‍ഷകമായ ആഖ്യാനശൈലി എന്നിവയിലാണ് ഇരു കലാകാരന്മാരുടെയും സൃഷ്ടികള്‍ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ശക്തമായ ദൃശ്യാവിഷ്കാരങ്ങളിലൂടെ ഇരുവരും തങ്ങളുടെ ആശയങ്ങള്‍ അവതരിപ്പിച്ചു. ക്ലാസിക്കല്‍ സൗന്ദര്യത്തെ സാധാരണക്കാരിലേക്ക് അടുപ്പിച്ചപ്പോള്‍, ആര്‍.കെ. ലക്ഷ്മണ്‍ ഇന്ത്യക്കാരുടെ ദൈനംദിന ജീവിത യാഥാര്‍ത്ഥ്യങ്ങളെയാണ് തന്റെ കലയിലൂടെ പകര്‍ത്തിയത്. ●

# എസ് സോമനാഥന്‍ ആര്‍.ബി.ഐ സെന്‍ട്രല്‍ ബോര്‍ഡില്‍



**ഇന്ത്യന്‍** ബഹിരാകാശ ഗവേഷണ കേന്ദ്രത്തിന്റെ (ISRO) മുന്‍ ചെയര്‍മാനും കേരള കാര്‍ട്ടൂണ്‍ അക്കാദമി വിശിഷ്ടാഗവുമായ എസ്. സോമനാഥിനെ ആര്‍.ബി. ഐ സെന്‍ട്രല്‍ ബോര്‍ഡില്‍ നിയമിച്ചു. ആഗസ്റ്റ് 20 നാണ് ഔദ്യോഗിക പ്രഖ്യാപനം ഉണ്ടായത്. അടുത്ത നാല് വര്‍ഷത്തേക്കാണ് നിയമനം. എസ് സോമനാഥന് കേരള കാര്‍ട്ടൂണ്‍ അക്കാദമിയുടെ ആശംസകള്‍. ●




## എ ബി പ്രശാന്തിന്റെ ചിത്രപ്രദർശനം

ന്യൂഡൽഹി മുനിസിപ്പൽ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഹർ ഗർ ത്രിരംഗ എന്ന പരിപാടിയുടെ ഭാഗമായി നടന്ന ചിത്രപ്രദർശനത്തിൽ കേരള കാർട്ടൂൺ അക്കാദമി അംഗം കെ വി പ്രശാന്ത് പങ്കെടുത്തു. ●



## അത്തം ഫെസ്റ്റിൽ അനു കെ പിള്ള

കേരള കാർട്ടൂൺ അക്കാദമി അംഗം അനു കെ പിള്ളയ്ക്ക് തൃപ്പൂണിത്തുറ അത്തം ഫെസ്റ്റിൽ പെയിന്റിങ്ങിനും, പെൻസിൽ ഡ്രോയിങ്ങിനും ഒന്നാം സ്ഥാനവും, ക്ലേമോഡലിങ്ങിനും, മോണോ ആക്റ്റിനും മൂന്നാം സ്ഥാനവും ലഭിച്ചു. അനു കെ പിള്ളയ്ക്ക് കേരള കാർട്ടൂൺ അക്കാദമിയുടെ അഭിനന്ദനങ്ങൾ. ●



## സുരേന്ദ്രയുടെ അക്ഷിന്തലു

'ബുക്ക്' ബ്രഹ്മ ലിറ്ററേച്ചർ ഫെസ്റ്റിവൽ 2026'ന്റെ ഭാഗമായി, പ്രശസ്ത കാർട്ടൂണിസ്റ്റ് സുരേന്ദ്ര 'അക്ഷിന്തലു' എന്ന കാർട്ടൂൺ സമാഹാരം പ്രകാശനം ചെയ്തു. ബെംഗളൂരു കോരമംഗലയിലെ സെന്റ് ജോൺ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ കാർട്ടൂണിസ്റ്റ് ഗുജ്ജാരപ്പ, കേരള കാർട്ടൂൺ അക്കാദമി വിശിഷ്ടാംഗം എം എസ് മോഹനചന്ദ്രൻ, ചെയർമാൻ സുധീർ നാഥ് എന്നിവർ സുരേന്ദ്രയോടൊപ്പം ചടങ്ങിൽ പങ്കെടുത്തു. ●

### പുസ്തക പരിചയം




## 'സാക്ഷി'

പി. വി. കൃഷ്ണൻ

കേരള കാർട്ടൂൺ അക്കാദമി വിശിഷ്ടാംഗമായ പി. വി. കൃഷ്ണൻ കാലങ്ങളോളം മലയാളത്തിലെ ഏറ്റവും പ്രശസ്തമായ സാംസ്കാരിക വാരിക കുങ്കുമത്തിന്റെ അവസാന പുറത്ത് വരച്ച കാർട്ടൂൺ പംക്തിയാണ് സാക്ഷി. പറയാനുള്ളത് പറയാനുള്ള എളുപ്പമാർഗ്ഗമാണ് കാർട്ടൂൺ എന്നാണ് കൃഷ്ണൻ മാഷ് പറയുന്നത്. സർവ്വീസിൽനിന്ന് പിരിഞ്ഞതിനുശേഷം 'സാക്ഷി' കാർട്ടൂണുകൾ ഒരു പുസ്തകമാക്കാനുള്ള കൃഷ്ണൻമാഷിന്റെ സാക്ഷാത്കാരമാണ് ഈ പുസ്തകം. 28 വർഷങ്ങളായി വന്നുകൊണ്ടിരിക്കുന്ന സാക്ഷിയിൽ നിന്ന് തിരഞ്ഞെടുത്ത എഴുപതോളം 'സാക്ഷി' കാർട്ടൂണുകളാണ് ഈ സമാഹാരത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 1977ൽ കുങ്കുമം പത്രാധിപരായിരുന്ന എൻ. വി. കൃഷ്ണവാര്യരുടെ ആവശ്യപ്രകാരം ആരംഭിച്ചതാണ് 'സാക്ഷി'.

പി.വി. കൃഷ്ണന്റെ കാർട്ടൂണുകൾ താൻ ശ്രദ്ധിക്കാറുണ്ടെന്നും,. നോക്കി ആനന്ദിക്കാറുണ്ടെന്നും, ആലോചിച്ച് ചിരിക്കാറുണ്ടെന്നും അവതാരികയിൽ കെ. പി. അപ്പൻ പറയുന്നു. പി. വി. കൃഷ്ണന്റെ രചനകളിൽ കലാസ്ഥാപനങ്ങളിൽനിന്ന് കിട്ടിയ അറിവിന്റെ സ്വാധീനമില്ല. അതിനാൽ രേഖകൾ വളരെ സ്വതന്ത്രമാണ്. ഏതെങ്കിലും ഒരു അദ്ധ്യാപകനിൽനിന്ന് സൗന്ദര്യശിക്ഷണം കിട്ടാത്തതിന്റെ സ്വാതന്ത്ര്യവും ആ രേഖകൾക്കുണ്ട്. മറ്റുള്ളവരിൽനിന്ന് കാര്യങ്ങൾ മനസ്സിലാക്കുന്നതു നല്ലതു തന്നെ. എന്നാലതു തന്നിലെ പ്രതിഭയുടെ സ്വാഭാവികതയെ നഷ്ടപ്പെടുത്തിക്കൊണ്ടാവരുതെന്ന് കൃഷ്ണന് അറിയാമെന്നും കെ. പി. അപ്പൻ പറയുന്നുണ്ട്.

പി.വി. കൃഷ്ണനിൽ ഒരു വേദാന്തിയുണ്ട്. അതുപോലെതന്നെ ഒരു നാടോടി കലാകാരനുമുണ്ട്. വേദാന്തിയിൽനിന്ന് കാർട്ടൂണിന് ഒരു ദാർശനികതലം കിട്ടുന്നു. നാടോടി കലാകാരനിൽ നിന്ന് സാമാന്യജനങ്ങളുടെ ഹൃദ്യമായ നർമ്മഭാവന കിട്ടുന്നു. ഈ നർമ്മം വളരെ സരളമാണ്. ഇതാണ് രേഖകളുടെ ലാളിത്യമായി മാറിയത്. രേഖകളുടെ ഒഴുക്ക് സാധാരണ കാർട്ടൂണുകൾ നൽകാത്ത 'സംഗീതം' കണ്ണുകൾക്ക് നൽകുന്നു. അനുഭവങ്ങളിൽ അത് സൃഷ്ടിക്കുന്നത് രണ്ട് ഇന്ദ്രിയങ്ങളുടെ സങ്കലനമാണ്. രേഖ കളുടെ ഈ അനർഗ്ഗളത 'സാക്ഷി'യിലെ സ്ത്രീയുടെ രചനയിൽ വ്യക്തമായി കാണാം. രേഖകൾ ഒട്ടും വാചാലമല്ല. മൗനം പോലെ ധ്വനിപ്രധാന മാണ്.

പി. വി. കൃഷ്ണന്റെ കാർട്ടൂണിന്റെ വേരുകൾ നമ്മുടെ സംസ്കാരത്തിൽ തന്നെയാണ്. അതിന് വിദേശ സ്വാദ് ഒട്ടുമില്ല. അതിലുള്ളത് ദേശീയവാസനയാണ്. നമ്മുടെ നാടിന്റെ രുചിയാണ്. ചില കാർട്ടൂണിസ്റ്റുകൾ ഇരയെ പിടിക്കുന്നതുപോലെയാണ് മനുഷ്യരെ വിഷയമായി സ്വീകരിക്കുന്നത്. എന്നാൽ കൃഷ്ണൻ അവരെ സ്നേഹിതരെ എന്നപോലെ സ്വീകരിച്ചു തഴുകി കളിയാക്കുന്നു.

പി. വി. കൃഷ്ണന്റെ രചനകൾക്ക് ഉന്നതമായൊരു ബൗദ്ധികതലമുണ്ട്. എന്നാൽ ഈ തലം ബുദ്ധിജീവികൾക്ക് മാത്രമുള്ളതല്ല. സാമാന്യജനങ്ങൾ സ്നേഹിച്ചുപോകുന്ന ഒരു സ്റ്റൈൽ അതിലുണ്ട്. അതിനാൽ പി. വി. കൃഷ്ണന്റെ രചനകളും അതിന്റെ ആസ്വാദകരും തമ്മിൽ വൈ രുദ്ധ്യമില്ല. വിഷയം പലപ്പോഴും സൂക്ഷ്മ രാഷ്ട്രീയമായതിനാൽ ഉള്ളടക്കത്തിലേക്ക് ആസ്വാദകർ പെട്ടന്ന് കടന്നുചെല്ലുന്നു. ●

